SOCIAL JUSTICE DEPARTMENT
care, protection & empowerment

Break the Chain
കൈവിടാതിരിക്കാം.. കൈ കഴുകൂ..

**കേരള സർക്കാർ | സാമൂഹ്യനീതി വകുപ്പ്**

# കോവിഡ് 19—പൊതുഇടങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ പാലിക്കേണ്ട നിർദ്ദേശങ്ങൾ

രാജ്യമൊട്ടാകെ നിസ്വാർത്ഥമായി കൊറോണ വൈറസ് ബാധയെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്ന ഈ സാഹചര്യത്തിൽ വ്യക്തി ശുചിത്വത്തോടൊപ്പം പാലിക്കേണ്ട മറ്റൊരു പ്രധാന കർത്തവ്യമാണ് പൊതുഇടങ്ങൾ വൃത്തിയായി സൂക്ഷിക്കുക എന്നത്. പൊതു ഇടങ്ങളിൽ തുപ്പുന്നത് അത്യധികം അപമാനകരവും മറ്റുള്ളവരെ നിന്ദിക്കുന്നതിനു തുല്യമായ പ്രവൃത്തിയുമാണ്.

പൊതു സ്ഥലത്ത് തുപ്പുന്നത് പലതരം രോഗങ്ങളിലേക്കാണ് നമ്മെ നയിക്കുന്നതെന്ന തിരിച്ചറിവുണ്ടാകണം.......ഇത്തരം ദുശ്ശീലക്കാർ രോഗമുള്ളവർ ആണെങ്കിൽ അവരുടെ സ്രവങ്ങളിൽ നിന്നും മറ്റുള്ളവരിലേയ്ക്ക് രോഗ വ്യാപനം നടക്കാൻ സാധ്യത കൂടുതലാണ്. പുതു തലമുറയ്ക്ക് നല്ല ശീലങ്ങൾ മാത്രം പകർന്നു നൽകുക.

**പൊതു ഇടങ്ങളിൽ തുപ്പുന്നത് ശിക്ഷാർഹമാണ്..............................**



# പൊതുജനം പാലിക്കേണ്ട നിർദ്ദേശങ്ങൾ

## ചെയ്യാവുന്നവ

- വ്യക്തി ശുചിത്വം പാലിക്കുക. മുഖാവരണം ധരിച്ച് മാത്രം സഞ്ചരിക്കുക.
- വീടും പരിസരവും വൃത്തിയാക്കുന്നതോടൊപ്പം പൊതു സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുക.
- തുമ്മുമ്പോഴും ചുമക്കുമ്പോഴും ടവലോ, ടിഷ്യു പേപ്പറോ ഉപയോഗിക്കാം.
- അത്യാവശ്യ സന്ദർഭങ്ങളിൽ പൊതു ശൗചാലയങ്ങൾ ഉപയോഗിക്കുക.
- കയ്യിൽ എപ്പോഴും തുവാല കരുതുക.
- കുട്ടികൾക്ക് വ്യക്തി ശുചിത്വത്തിന്റെ പ്രാധ്യാന്യം മനസിലാക്കി കൊടുക്കുക.
- വീട്ടിലെ മാലിന്യങ്ങൾ ജൈവ, അജൈവ എന്നിങ്ങനെ വേർതിരിച്ച് സംസ്കരിക്കുക.



## ഒഴിവാക്കേണ്ടവ

- പൊതു നിരത്തുകളിൽ തുപ്പുന്ന ശീലം കർശനമായും ഒഴിവാക്കുക.
- ഉപയോഗ ശൂന്യമായ വസ്തുക്കൾ, ഭക്ഷണ പദാർഥങ്ങൾ, പ്ലാസ്റ്റിക് എന്നിവ പൊതു നിരത്തുകളിൽ നിക്ഷേപിക്കാതിരിക്കുക.
- പനി, ജലദോഷം, ശ്വാസതടസ്സം ഉള്ളവർ അനാവശ്യ യാത്രകൾ ഒഴിവാക്കുക.
- പുഴയോരങ്ങളിലും നിരത്തുവക്കിലും ചപ്പുചവറുകൾ നിക്ഷേപിക്കാതിരിക്കുക.
- ഇടവഴികൾ മൂത്രപ്പുരകളാക്കരുത്.
- പുഴയോരം, കടൽതീരം, പൂന്തോട്ടം, മൈതാനം എന്നിവ മലിനപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്യരുത്.
- റെയിൽവെ സ്റ്റേഷൻ, ബസ്റ്റാന്റ്, എയർപോർട്ട്, മ്യൂസിയം തുടങ്ങിയ പൊതുസ്ഥലങ്ങൾ വൃത്തികേടാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന പ്രവൃത്തികളിലേർപ്പെടാതിരിക്കുക.

**ദുശ്ശീലങ്ങൾ മാറ്റാം.........**

**ആരോഗ്യത്തോടിരിക്കാം....**

SOCIAL JUSTICE
DEPARTMENT

care, protection & empowerment

## കേരള സർക്കാർ
## സാമൂഹ്യനീതി വകുപ്പ്


സാമൂഹ്യനീതി ഡയറക്ടറേറ്റ്, അഞ്ചാം നില,
വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം

web– sjd.kerala.gov.in     email-swdkerala@gmail.com